## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *717 — 14.07.2014-ലെ മറുപടിക്ക്

# തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരുടെ കൂലി കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.റ്റി.എ.റഹീം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവർക്ക് നൽകേണ്ടുന്ന കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി വകമാറ്റിയ തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് പഞ്ചായത്തുകൾക്ക് നൽകിയിരുന്നുവോ ; | എ), ബി) & സി)<br><br>കേന്ദ്ര സർക്കാരിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് ലഭിക്കുന്ന മുറക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുന്നതാണ് എന്നുത്തരവായിരുന്നു. പഞ്ചായത്തുകൾ നൽകിയ തുകയുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചു തിരികെ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. |
| ബി) ഇപ്രകാരം വകമാറ്റപ്പെട്ട തുക എന്നത്തേക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുമെന്നാണ് അറിയിച്ചിരുന്നത് ; | |
| സി) വകമാറ്റിയ തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ? | |

സെക്ഷൻ ഓഫീസർ